## 30

# മക്കളോടുള്ള ഒരു കല്പന

## (6:1- 3)

ഡ്രൈവർ ആകുവാൻ ആഗ്രഹിക്കുന്ന ധാരാളം ആളുകൾ ഡ്രൈവിങ് കോഴ്സ് പഠിക്കുവാൻ സ്ക്കൂളിൽ ചേരും. ട്രാഫിക് നിയമങ്ങളും റോഡിൽ സംഭവിക്കുവാനിടയുള്ളതും പഠിക്കുന്നതോടൊപ്പം തന്നെ, കാറിനെ കുറിച്ചും അവർ അവിടെ നിന്നും പഠിക്കേണ്ടത് ആവശ്യമാണ്. ഡ്രൈവറുടെ വിദ്യാഭ്യാസത്തിൽ, വിദ്യാർത്ഥികൾ ആദ്യം പരീക്ഷയെഴുതും പിന്നെ വാസ്തവത്തിലുള്ള ഡ്രൈവിങ് പരിശീലനം ലഭിക്കുന്നതിന് അദ്ധ്യാപകനുമായി റോഡിലിറങ്ങുന്നു.

ഒരു ദിവസം വിദ്യാർത്ഥി അദ്ധ്യാപകനോടു പറയുന്നു എന്നു കരുതുക, "നിർത്തുവാൻ ഉള്ള പ്രകാശമുള്ള സ്ഥലത്ത് ഒന്നും ഞാൻ നിർത്തുകയില്ല. എന്തു ചെയ്യണം എന്നു പറയുന്നതു എനിക്ക് ഇഷ്ടമല്ല. എനിക്ക് ചുമന്ന നിറം ഇഷ്ടമല്ല, നിങ്ങൾ പറയുന്നതു ഒന്നും എനിക്കു പ്രശ്നമല്ല, ചുമന്ന നിറത്തിലുള്ള സ്റ്റോപ്പുകളിൽ ഞാൻ നിർത്താനുദ്ദേശിക്കുന്നില്ല." ആ വിദ്യാർത്ഥി ഒരു കാർ ഓടിക്കുവാൻ തയ്യാറെടുക്കുന്നില്ല, കാരണം അയാൾ അദ്ധ്യാപകനെയോ നിയമത്തെയോ ആദരിക്കുന്നില്ല.

ആരെയെങ്കിലും എങ്ങനെ വണ്ടി ഓടിക്കണം എന്നു പഠിപ്പിക്കുന്നതു പോലെ - എന്നാൽ അതിനേക്കാൾ വളരെയധികം പ്രധാനപ്പെട്ടതാണ് - എങ്ങനെ ജീവിക്കണമെന്ന് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നത്. നല്ല ഒരു ആരംഭമാണ് പൗലൊസിന്റെ ഈ വാക്കുകളിൽ ഉള്ളത്:

> മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക (എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പനയാകുന്നു). പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ, കോപിപ്പിക്കാതെ; കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ (6:1-4).

ബൈബിൾ പറയുന്നതിനു ഊന്നൽ കൊടുത്തുകൊണ്ടുവേണം വിജയകരമായി പരിശീലനം തുടങ്ങുവാൻ. മാതാപിതാക്കളും മക്കളും ദൈവവിളിയനുസരിച്ചു ജീവിക്കണം. ബഹുമാനത്തോടെ അനുസരിക്കുവാനാണ് കുട്ടികളോടു ദൈവം ആവശ്യപ്പെടുന്നത്. ദൈവികമായി നയിക്കുവാനാണ് പിതാക്കന്മാരോടു ദൈവം പറഞ്ഞിരിക്കുന്നത്.

ഇതു എളുപ്പമല്ല എന്നു മാതാപിതാക്കളും കുട്ടികളും തിരിച്ചറിയണം. മാതാപിതാക്കളും കുട്ടികളും ഒരു യുദ്ധത്തിലെന്നപോലെ പോരാടുകയാണ് - അന്യോന്യമുള്ള ഒരു യുദ്ധമല്ല, എന്നാൽ അതു സാത്താനു എതിരായുള്ള

പോരാട്ടമാണ്. ആ യുദ്ധം ജയിക്കുവാൻ ഫലപ്രദമായ രീതി മാത്രം ദൈവം നല്കുന്നുണ്ട്. ദൈവപദ്ധതി പിൻപറ്റുന്നവർക്കു വിജയം പ്രതീക്ഷിക്കാം. ദൈവപദ്ധതി ഗൗരവമായി എടുക്കുന്നതിൽ പരാജയമടയുന്നവർക്കു നഷ്ടം പ്രതീക്ഷിക്കാം.

നമ്മിൽ ആരും യുദ്ധത്തിൽ പരാജയപ്പെടുവാൻ ആഗ്രഹിക്കുന്നില്ല, അതുകൊണ്ട് വീടിനു വേണ്ട ദൈവപദ്ധതിയെ നമുക്കു നോക്കാം. ഈ പാഠത്തിൽ, പൗലൊസ് 6:1-3 ൽ മക്കളോടു പറയുന്നതിനെയാണ് നാം ശ്രദ്ധിക്കുന്നത്. നമുക്ക് അതിനെ ഏതാണ്ട് ഇങ്ങനെ ചുരുക്കാം: *ദൈവം കുട്ടികളെ ആഹ്വാനം ചെയ്യുന്നതു ബഹുമാനത്തോടെ അനുസരിക്കുന്നതിനാണ്.*

## തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുവാൻ ദൈവം മക്കളോടു പറയുന്നു

ബഹുമാനിക്കുന്നതിന്റെ ആവശ്യം 6:2-ൽ ഊന്നി പറഞ്ഞിരിക്കുന്നു: "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക." ആയുഷ്ക്കാലം മുഴുവൻ നീണ്ടു നില്ക്കുന്നതാണ് മക്കളോടുള്ള ഈ ഉപദേശം. നിങ്ങൾ ചെറുപ്പമായതിനാൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നവരായാലും, അല്ലെങ്കിൽ നിങ്ങൾ മക്കളും കുടുംബവും ഉള്ള മാതാപിതാക്കൾ ആയാലും, അപ്പോഴും നിങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കണം എന്ന ഉത്തരവാദിത്തം നിങ്ങൾക്കുണ്ട്.

"ബഹുമാനിക്ക," എന്നതിന്റെ ഗ്രീക്ക് വാക്ക് *റ്റിമാവോ* എന്നാണ്, അതിനർത്ഥം "വിലയുള്ളതായി കണക്കാക്കുക, വിലമതിക്കുക, ആദരിക്കുക" എന്നാണ്. നിങ്ങൾ വളരെ വിലമതിക്കുന്ന രീതിയിൽ ആരോടെങ്കിലും പെരുമാറുന്ന സൂചനയാണ് അതിന്റെ അർത്ഥം നല്കുന്നതു. നിങ്ങളുടെ ജീവിതത്തിൽ അവർ ദൈവം - ക്രമപ്പെടുത്തിയിരിക്കുന്നതുപോലെ പ്രവർത്തിക്കുന്നതുകൊണ്ടാണ് നിങ്ങളുടെ അപ്പനും അമ്മയും നിങ്ങൾക്കു വിലയുള്ളതാകുന്നത്.

എന്റെ ചെറുപ്രായത്തിൽ ചിലപ്പോൾ, എന്റെ അപ്പനെയും അമ്മയെയും വിലമതിക്കേണ്ട രീതിയിൽ ഞാൻ വില മതിച്ചിരുന്നില്ല, പ്രത്യേകിച്ചു അവർ എന്നോടു കൂട്ടുകാരുമൊത്തു പുറത്തുപോയി ഭക്ഷണം കഴിക്കാതെ വീട്ടിലിരുന്നു ഗൃഹപാഠം ചെയ്തു തീർക്കണം എന്നു പറയുമ്പോൾ. അതു കേൾക്കുമ്പോൾ ഞാൻ ദേഷ്യപ്പെടും, പക്ഷെ എനിക്ക് എന്റെ അപ്പനെയും അമ്മയെയും ഇഷ്ടമാണ്. വർഷങ്ങൾ കഴിഞ്ഞപ്പോൾ, എന്റെ ജീവിതത്തിലെ അവരുടെ പങ്ക് ഞാൻ കൂടുതൽ വില മതിക്കുവാൻ തുടങ്ങി.

മാതാപിതാക്കൾക്കു ദൈവം - ക്രമപ്പെടുത്തിയ പങ്ക് എന്താണ്? ആ ജോലിയുടെ വിവരണം 6:4-ൽ നാം കാണുന്നുണ്ട്: "കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും [കുട്ടികളെ] പോറ്റി വളർത്തുവിൻ." മക്കളെ ദൈവികമായി നയിക്കുവാനുള്ള ഉത്തരവാദിത്വമാണ് പ്രാഥമികമായി ദൈവം മാതാപിതാക്കൾക്ക് നല്കിയിട്ടുള്ളത്. മക്കളെ ദൈനന്തിന കാര്യങ്ങളിൽ എല്ലാം മാതാപിതാക്കൾ നയിക്കുന്നത് - കൂട്ടുകാരുമൊത്തു പുറത്തു പോകാതെ ഗൃഹപാഠം ചെയ്യേണ്ടതുപോലെയാണ് - എന്നാൽ അതിലും പ്രധാനമായി, മാതാപിതാക്കൾ മക്കളെ ദൈവത്തോടു അടുക്കുന്നതിലേക്ക് നയിക്കണം.

അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു,
യിസ്രായേലിൽ ഒരു ന്യായപ്രമാണം നിയമിച്ചു,
നമ്മുടെ പിതാക്കന്മാരോടു അവയെ തങ്ങളുടെ,
    മക്കളെ അറിയിപ്പാൻ കല്പിച്ചു,
വരുവാനുള്ള തലമുറ,
    ജനിപ്പാനിരിക്കുന്ന മക്കൾ തന്നേ,
അവയെ ഗ്രഹിച്ചു എഴുന്നേറ്റു തങ്ങളുടെ മക്കളോടറിയിക്കയും,
അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വെക്കുകയും,
ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതെ,
അവന്റെ കല്പനകളെ പ്രമാണിച്ചു നടക്കയും
        (സങ്കീർത്തനങ്ങൾ 78:5–7).

എന്തുകൊണ്ട് മക്കൾ തങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കണം? കാരണം തനിക്കുവേണ്ടി സംസാരിക്കുന്ന വക്താവായിട്ടും, ദൈവിക കാര്യങ്ങൾ അറിയിക്കുന്ന സന്ദേശവാഹകൻ ആയിട്ടും, ദൈവ കല്പനകളെ ഉപദേശിക്കുന്നവനായിട്ടുമാണ് മാതാപിതാക്കളെ ദൈവം കാണുന്നത്.

വിശ്വാസത്തിന്റെ പങ്ക് നമ്മിലേക്കു പകരുവാനുള്ള ഉത്തരവാദിത്വം ദൈവം അവരിൽ കൊടുത്തിരിക്കുന്നതുകൊണ്ടും, വിശ്വാസത്തിന്റെ വടി അവരുടെ കൈകളിൽ ഉള്ളതുകൊണ്ടും നമ്മുടെ അപ്പനെയും അമ്മയെയും നാം ആദരിക്കയും ബഹുമാനിക്കയും വേണം. മാതാപിതാക്കൾ അവരുടെ ഉത്തരവാദിത്വമനുസരിച്ചു എല്ലായ്പോഴും ജീവിക്കാറില്ല. അവർ തങ്ങളുടെ വടി ചിലപ്പോൾ ഇട്ടു കളയും, അതുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുക. മാതാപിതാക്കളെ ബഹുമാനിക്കുന്നതിനാൽ നിങ്ങൾ ദൈവത്തെ ബഹുമാനിക്കയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ ചെയ്യുക.

യുവ - പ്രായത്തിലുള്ളവരും പ്രായപൂർത്തിയായ ചില മക്കളും അവരുടെ അമ്മയപ്പന്മാരെ ജനൽപാളിയിലെ പൊടി പോലെയാണ് കരു തുന്നത്. പൊടിക്ക് കുറച്ചു വിലയേ ഉള്ളൂ; അതു ശല്യവും കണ്ണുകൾക്കു നേത്ര പീഢയുമാണ്. മാതാപിതാക്കളോടു അത്തരം മനോഭാവം പാടില്ല എന്നു പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. മാതാപിതാക്കൾ ശല്യമാണെന്നു കരുതുന്ന മക്കൾക്ക് ജീവിതത്തിൽ അധികം ഒന്നും നേടുവാൻ കഴിയുകയില്ല. ബൈബിൾ പറയുന്നു, “നിനക്കു നന്മയുണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാനും ... നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക” (6:3).

നമ്മുടെ അമ്മയപ്പന്മാരെ ബഹുമാനിക്കുന്നതിനു രണ്ടു നല്ല കാരണങ്ങൾ പൗലൊസ് നല്കി. ഒന്ന്, “നിനക്കു നന്മയുണ്ടാകുവാൻ.” “നന്മ” എന്നതിന്റെ ഗ്രീക്കു വാക്ക് വളരെ ചെറുതാണ്, *എയു*. അതു ഇംഗ്ലീഷ് വാക്കിൽ “എയുലോജി” എന്നതിൽ ഉണ്ട് - ആരെയെങ്കിലും കുറിച്ചുള്ള നല്ല വാക്ക് എന്നർത്ഥം. പൗലൊസിന്റെ കാലത്തു, ആരെയെങ്കിലും വന്ദനം ചെയ്തു, “വെൽ ഡൺ! വളരെ നന്നായി!” എന്നു പറയുന്നതിനു ഉപയോഗിച്ചിരുന്നു. നിങ്ങൾ നിങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കുമ്പോൾ, “വെൽ ഡൺ! വളരെ നന്നായി!” എന്നു, ദൈവം പറയുന്നതായി നിങ്ങൾക്ക് അറിയാൻ കഴിയും.

അപ്പനെയും അമ്മയെയും ബഹുമാനിക്കേണ്ട മറ്റൊരു കാരണം ഈ വാക്കുകളിൽ ഉണ്ട്: “നീ ഭൂമിയിൽ ദീർഘായുസോടെ ഇരിപ്പാൻ.” ഗ്യാരി സ്മാലിയും ജോൺ ട്രെന്റും ഇതിനെ വിവരിച്ചതു നോക്കുക:

> അപ്പനെയും അമ്മയെയും ബഹുമാനിക്കുന്നവർക്കു വാസ്തവത്തിലുള്ള ജീവൻ നല്കുമെന്നാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്! അതെങ്ങനെയാണ് സാധ്യമാകുന്നത്? പല ഡോക്ടർമാർ, ഗുണദോഷിക്കൽ നടത്തുന്നവർ, അല്ലെങ്കിൽ [ഉപദേഷ്ടാക്കന്മാർ] എന്നിവരോടു ചോദിക്കുക. അവരുടെ ഓഫീസുകളിൽ മാതാപിതാക്കളെ ആദരിക്കാതിരുന്നതിന്റെ ഫലമായി, ബലം ക്ഷയിച്ചു പോയ തായ മക്കളുടെ തകർന്ന ജീവിതങ്ങൾ അവർ കണ്ടിട്ടുണ്ടാവും.
>
> ... വ്യക്തികൾ തങ്ങളുടെ മാതാപിതാക്കളെ ദേഷ്യത്താൽ, പകയാൽ, അല്ലെങ്കിൽ നീരസത്താൽ, വെറുക്കുവാനോ നിന്ദിക്കുവാനോ തീരുമാനിക്കുമ്പോൾ അവർ ആത്മിയവും, വൈകാരികവും, ശാരീരികവുമായി വലിയ വില കൊടുക്കേണ്ടി വരും.[1]

നിങ്ങൾ നിങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കുമ്പോൾ, നിങ്ങൾ അവരിൽ ഉയർന്ന വിലമതിക്കുകയാണ്. അത്തരം സ്വഭാവഗുണം നിങ്ങളുടെ ഭൂമിയിലെ ആയുസ് ദീർഘിപ്പിക്കും എന്നു ദൈവം പറയുന്നു.

മക്കൾക്ക് എങ്ങനെ തങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കുവാൻ കഴിയും? ഇപ്പോഴും മാതാപിതാക്കളോടൊപ്പം താമസിക്കുന്ന മക്കൾക്കുവേണ്ടി ഈ ആശയങ്ങൾ പരിഗണിക്കുക:

1. *നിങ്ങളുടെ മാതാപിതാക്കൾക്കു ദൈവം നല്കിയിട്ടുള്ള പങ്കിനെ ബഹുമാനിക്കുക.* നിങ്ങളുടെ നന്മക്കായി ദൈവം തന്നിരിക്കുന്ന ദാനമാണ് അവർ.

2. *അവരുടെ കാഴ്ച്ചപ്പാടിലൂടെ നിങ്ങൾ ജീവിതത്തെ കാണുക.* ദിവസം തോറും അവർ അനുഭവിച്ച സമ്മർദ്ദത്തെ ഓർക്കുക. അവരുടെ മനസ്സിൽ നിങ്ങളെ കുറിച്ചുണ്ടായിരുന്നതെല്ലാം ഓർക്കുക. നിങ്ങളുടെ അപ്പൻ ചെയ്ത കഠിനാദ്ധ്വാനത്തെ കുറിച്ച് അല്ലെങ്കിൽ നിങ്ങളുടെ അമ്മ ചിലപ്പോൾ അനുഭവിച്ച ഏകാന്തതയെ കുറിച്ചു ഓർക്കുക. നിങ്ങളുടെ മാതാപിതാക്കളുടെ ചില ആവശ്യങ്ങളെ കുറിച്ചു മനസ്സിലാക്കുവാനും അവ നിറവേറ്റുവാനും ശ്രദ്ധിക്കുക.

3. *നിങ്ങളുടെ മാതാപിതാക്കളോടു ഉപദേശം ചോദിക്കുക.* മിക്ക ചെറുപ്പക്കാരും അതിനെതിരായി ചെയ്യുവാനാണ് ആഗ്രഹിക്കുന്നതു എന്ന് എനിക്ക് അറിയാം, എന്നാൽ ആരുടെയെങ്കിലും ഉപദേശം *സ്വയമായി* അന്വേഷിക്കുന്നതു പക്വതയുടെ അടയാളമാണ്. നിങ്ങളുടെ മാതാപിതാക്കൾക്ക് അതറിയാവുന്നതുകൊണ്ട് നിങ്ങളുടെ ചോദ്യത്തെ അവർ ബഹുമാനിക്കും.

4. *മാതാപിതാക്കളെ അനുമോദിക്കുന്നതു കാണിക്കുക.* അവർക്കു ഒരു ആഹാരം ഉണ്ടാക്കി കൊടുക്കുക. അവരുടെ ഭാരം ലഘൂകരിക്കുവാനായി എന്തെങ്കിലും ചെയ്യുക. നിങ്ങൾ അങ്ങനെ ചെയ്യുന്നതിനാൽ അവരെ നിങ്ങൾ എങ്ങനെ കണക്കാക്കുന്നു എന്ന് അവർ അറിയട്ടെ.

5. *അവർക്കുവേണ്ടി പ്രാർത്ഥിക്കുക.* നിങ്ങളുടെ മാതാപിതാക്കൾക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? അതു നിങ്ങൾ നിരന്തരമായി ചെയ്താൽ ദൈവം സന്തോഷിക്കും എന്നെനിക്കറിയാം.

6. *നിങ്ങൾ അവരെ സ്നേഹിക്കുന്നു എന്നു മാതാപിതാക്കളോടു പറയുക.* നിങ്ങൾ നിങ്ങളുടെ അപ്പനെ അല്ലെങ്കിൽ അമ്മയെ ചുംബിച്ച് "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" എന്നു പറഞ്ഞിട്ട്, എത്ര നാളായി?

പ്രായപൂർത്തിയായ മക്കളെ സംബന്ധിച്ച്, നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോടൊപ്പം ഇപ്പോഴും ഉള്ളതിനാൽ നിങ്ങൾ അവരെ ബഹുമാനിക്കുവാൻ അവസരങ്ങൾ കണ്ടെത്തുക. അവരുടെ വാർദ്ധക്യത്തിൽ അവരെ കരുതുകയും ബഹുമാനിക്കയും ചെയ്യുക. അതിനർത്ഥം നിങ്ങൾ അവരെ ഉപേക്ഷിക്കുവാൻ പാടില്ല എന്നും നിങ്ങൾ അവരുടെ മകനോ മകളോ ആകാതിരിക്കുന്നതു പോലെ അവരെ തങ്ങളുടെ ജീവിതം അവസാനിപ്പിക്കുവാൻ അനുവദിക്കരുത് എന്നുമാണ്. അവരെ ബഹുമാനിക്കുവാനും ഉറപ്പോടെ നില നിർത്തുവാനുമുള്ള വഴികൾ കണ്ടെത്തുക. അവരെ നഷ്ടമായതിനുശേഷം ബഹുമാനിക്കുന്നതുപോലെ, അവരെ ഇപ്പോൾ ബഹുമാനിക്കുക. "നിങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്ക."

## മാതാപിതാക്കളെ അനുസരിക്കുവാൻ ദൈവം കുട്ടികളോടു ആവശ്യപ്പെടുന്നു

"മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ" (6:1). "അനുസരിക്കുക" എന്ന വാക്ക് (ഗ്രീക്ക്.: *ഹൂപ്പാകൗവോ*) രണ്ട് ആശയങ്ങൾ യോജിപ്പിച്ചതാണ്: "കേൾക്കുക" എന്നതും "കീഴിൽ" എന്നതും. അക്ഷരികമായി, "അനുസരിക്കുക" എന്നാൽ "കേട്ടു കീഴടങ്ങുക" എന്നാണ്. ഒരാളുടെ മേൽ അധികാരം ഉള്ളയാൾ പറയുന്നതു അധികാരത്തിൻ കീഴിൽ ഉള്ളയാൾ കേട്ട് കൈക്കൊള്ളുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്.

സദൃശവാക്യങ്ങൾ 13:1 പറയുന്നു, "ജ്ഞാനമുള്ള മകൻ അപ്പന്റെ പ്രബോധനഫലം." ബൈബിൾ അനുസരണത്തെ പഠിപ്പിക്കുന്നു, എന്നാൽ ഇന്നു പ്രചാരത്തിലിരിക്കുന്ന ആശയം അതല്ല. നമ്മുടെ സംസ്ക്കാരം നേരെ തിരിച്ചു ചെയ്യുവാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്: "മാതാപിതാക്കളെ ശ്രദ്ധിക്കരുത്"; "അവർ പറയുന്നതു എന്താണെന്ന് അവർക്ക് അറിയില്ല."

ഞാൻ മുൻപു അങ്ങനെ ചിന്തിച്ചിരുന്നു. "എനിക്കു പതിനാലു വയസായിരുന്നപ്പോൾ, ഞാൻ വിചാരിച്ചതു ഇതുവരെ ജീവിച്ചവരിൽ എന്റെ അപ്പൻ ഏറ്റവും കുറച്ചു മാത്രം സംസാരിക്കുന്നയാൾ ആണെന്നാണ്, എന്നാൽ എനിക്ക് ഇരുപതു വയസായപ്പോൾ, ഏഴു വർഷത്തിനുള്ളിൽ അദ്ദേഹം എത്ര മാത്രം പഠിച്ചു എന്നതിൽ ഞാൻ അതിശയിച്ചു" എന്നു, മാർക്ക് ട്വെയിൻ പറഞ്ഞതിനെ, എനിക്കു മനസ്സിലാകുന്നു. തീർച്ചയായും, മാർക്ക് ട്വെയിൻ തമാശയായിട്ടാണെങ്കിലും പറഞ്ഞതു തന്റെ അപ്പന് എല്ലായ്പോഴും ഉണ്ടായിരുന്ന ജ്ഞാനത്തെ അവൻ അവസാനം തിരിച്ചറിഞ്ഞു എന്നാണ്.

ദൈവം വളരെ വ്യക്തമായിട്ടാണ് പറയുന്നത്. മക്കളോടുള്ള അവന്റെ പദ്ധതി ആരും തെറ്റിദ്ധരിക്കരുത് എന്നു ദൈവം ആഗ്രഹിച്ചിരുന്നു: "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ." ചിലപ്പോൾ നിങ്ങൾക്കു നിങ്ങളുടെ മാതാപിതാക്കളുടെ നിർദ്ദേശങ്ങൾ മനസിലാകാതെ പോയേക്കാം അല്ലെങ്കിൽ അതിനോടു വിയോജിച്ചേക്കാം. നിങ്ങൾ എന്തു ചെയ്യണം? നിങ്ങൾ അനുസരിക്കണം.

നിക്കോൾ അവളുടെ കൂട്ടുകാരി ബെക്കിയോടൊത്തു തന്റെ വീട്ടിലേക്കു

വന്നു. നിക്കോളിന്റെ അമ്മ അവളെ കണ്ടപ്പോൾ പറഞ്ഞു, “നിക്കോൾ, നീ ഇപ്പോൾ തന്നെ, മുകളിൽ ചെല്ലുക! നിന്റെ മുറി നീ നാശമാക്കി ഇട്ടിരിക്കയാണ്!”

“എന്നോടു ക്ഷമിക്കൂ, അമ്മേ. ഞാൻ പോയി അതു വൃത്തിയാക്കാം.”

നിക്കോളും ബെക്കിയും മുകളിലേക്കു പോയി. ബെക്കി ചോദിച്ചു, “നിന്റെ അമ്മക്ക് എന്തു പറ്റി? ഇങ്ങനെ പറയാതിരിക്കുവാൻ അവരെ തടയുവാൻ നിനക്കു കഴിയില്ലേ? എന്റെ അമ്മയാണ് ഇതുപോലെ എന്റെ കൂട്ടുകാരിയുടെ മുൻപിൽവെച്ചു പറഞ്ഞതെങ്കിൽ, ഞാൻ അവരോടു തിരിച്ചുപോകാൻ പറയുമായിരുന്നു!”

നിക്കോൾ അവളുടെ മുറിയിൽ നിന്നു കുറെ തുണികൾ എടുത്തു കൊണ്ടു പറഞ്ഞു, “ബെക്കി, ഞാനാണ് അതു സംഭവിക്കാൻ ഇടയാക്കിയത്. ഇന്നു രാവിലെ പോകുന്നതിനു മുൻപു മുറി വൃത്തിയാക്കാമെന്ന് ഞാൻ അമ്മയോടു പറഞ്ഞിരുന്നു. അമ്മ പറഞ്ഞതു ശരിയായിരുന്നു. അതിനു പുറമെ, അവർക്ക് ഇന്നു മോശമായ ഒരു ദിവസം ആയിരുന്നു.” അതു അമ്മയെ ബഹുമാനിക്കുന്നതായിരുന്നു.

വീടിനു വേണ്ട ദൈവപദ്ധതിയെ അവഗണിക്കുകയും, ദൈവം ഒരു മകനിൽ നിന്നു പ്രതീക്ഷിക്കുന്നത് മറന്നുകൊണ്ട് മാതാപിതാക്കളോടു യുദ്ധം പ്രഖ്യാപിക്കയും ചെയ്താൽ കുടംബജീവിതം കുഴപ്പത്തിലാകും. നിങ്ങളുടെ വീട്ടിൽ എല്ലാവരും സ്വാർത്ഥതയുള്ളവരാകാൻ തീരുമാനിച്ചാൽ, നിങ്ങളുടെ വീട് അസുഖകരമായ സ്ഥലം തന്നെ ആയിരിക്കും. നേരെ മറിച്ചു, നിങ്ങൾ ഏറ്റവും നല്ല കുടുംബ ജീവിതം ഉണ്ടാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ, ദൈവ പദ്ധതി നടപ്പാക്കുവാൻ തയ്യാറാവുക.

മക്കളെ, “നിങ്ങളുടെ അപ്പനെയും അമ്മയെയും അനുസരിക്ക” എന്ന കല്പന വീട്ടിലിപ്പോഴുമുള്ള മക്കളോടു - കൊച്ചുകുട്ടികളോടും യുവാക്കളോടും ഉള്ളതാണ്. നിങ്ങൾ നിങ്ങളുടെ അപ്പനെയും അമ്മയെയും, അവരോടു എതിർത്തു പറയാതെ, ദേഷ്യപ്പെടാതെ, എന്നാൽ ബഹുമാനത്തോടെ അനുസരിക്കുവാൻ ദൈവം പറയുന്നു.

യേശുവിനെ കുറിച്ചു ബൈബിൾ പറയുന്നതു ശ്രദ്ധിക്കുക. അവനു പന്ത്രണ്ടുവയസായിരുന്നപ്പോൾ, “അവൻ അവരോടുകൂടെ [അവന്റെ അപ്പനോടും അമ്മയോടും] ഇറങ്ങി, നസറേത്തിൽ വന്നു; അവർക്കു കീഴടങ്ങിയിരുന്നു” (ലൂക്കൊസ് 2:51). ഒരുപക്ഷെ അവൻ കേട്ടിരിക്കാം, “യേശുവേ, നിന്റെ മുറി വൃത്തിയാക്കുക”; “യേശുവേ, നിന്റെ വീട്ടുജോലി ചെയ്യുക”; “യേശുവേ, നീ നിന്റെ സ്കൂളിൽ നന്നായി വരിക”; “യേശുവേ, പോയി കിടക്ക്”; “യേശുവേ, ആളുകളോടു ദയയുള്ളവനായി ബഹുമാനിക്കുക.” യേശു ഒരു കുട്ടിയായിരുന്നു എന്നത് നാം മറക്കുകയാണ് എന്നു ഞാൻ കരുതുന്നു. അവന്റെ വ്യക്തിത്വവും ശൈലിയും വളരുന്ന ഓരോ ഘട്ടങ്ങളിലും അവനു മാതാപിതാക്കളുണ്ടായിരുന്നു - എന്നാൽ യേശു അങ്ങനെ ചെയ്തതു ബഹുമാനത്തോടും അനുസരണത്തോടും കൂടെ ആയിരുന്നു.

യുവാക്കൾ പരിഗണിക്കേണ്ടതിനു ഞാൻ മൂന്നു ചോദ്യങ്ങൾ ചോദിക്കട്ടെ.

1. നിങ്ങളുടെ അനുസരണത്താൽ വീട്ടിൽ നിങ്ങൾ യോജിപ്പ് ഉണ്ടാക്കുന്നുണ്ടോ, അല്ലെങ്കിൽ നിസ്സഹകരണത്താലും അനുസരണക്കേടിനാലും നിങ്ങളുടെ വീട് ബഹളമയമാക്കുകയാണോ?

2. നിങ്ങൾ മനസോടെ നിങ്ങളുടെ അമ്മയപ്പന്മാരെ അനുസരിക്കുന്നു

ണ്ടോ, അല്ലെങ്കിൽ നിങ്ങൾ കഴിവതും അവരിൽ നിന്നു ഒഴിഞ്ഞു മാറുവാനാണോ ആഗ്രഹിക്കുന്നത്?

3. നിങ്ങളുടെ മാതാപിതാക്കളോടു നിങ്ങൾ എങ്ങനെ പെരുമാറുന്നു എന്ന പോരാട്ടത്തിൽ ആരാണ് ജയിക്കുന്നത് - പിശാചോ അതോ കർത്താവോ?

**ഉപസംഹാരം**

ദൈവം മക്കളെ മാതാപിതാക്കൾക്ക് നല്കുന്നതു അവരെ ജീവിതത്തിനു തയ്യാറാക്കുന്നതിനു വേണ്ടിയാണ്. ഒരു കുട്ടി തന്റെ മാതാപിതാക്കളെ അനുസരിക്കാതിരിക്കുന്നതാണ് ആ കുട്ടിയുടെ ജീവിതത്തിലെ ഏറ്റവും വലിയ തെറ്റ്. അതു ചിലപ്പോൾ ആ സമയത്ത് അത്ര കാര്യമായി തോന്നുകയില്ല, പക്ഷെ അതു മാതാപിതാക്കൾക്ക് എതിരാണെങ്കിൽ, അതു ദൈവവചനത്തിനും ദൈവത്തിനും എതിരാണ്.

ചിലപ്പോൾ മാതാപിതാക്കൾ നന്നായി പെരുമാറുകയില്ല. നമ്മുടെ അടുത്ത പാഠത്തിൽ നാം അതു പഠിക്കും. എങ്ങനെയായാലും, അപ്പോഴും മക്കൾ തങ്ങളുടെ മാതാപിതാക്കളെ അനുസരിക്കയും ബഹുമാനിക്കയും വേണം. അവരുടെ തെറ്റായ പെരുമാറ്റത്തെ ദൈവം നോക്കിക്കൊള്ളും. നിങ്ങൾ നിങ്ങളുടെ പെരുമാറ്റത്തെ സൂക്ഷിക്കുക.

സന്തോഷപ്രദമായ കുടുംബ ജീവിതത്തിനുള്ള ഏക പ്രത്യാശ ദൈവ പദ്ധതി പിൻപറ്റുക എന്നതാണ്. ഏക പ്രത്യാശ ദൈവം മാത്രമാണ്. അവന്റെ വചനം നമുക്കു വഴി കാണിച്ചു തരും.

---

കുറിപ്പു

[1]ഗ്യാരി സ്മാലേ ആന്റ് ജോൺ ട്രെൻഡ്, *ദ ബ്ലെസിങ്* (നാഷ്വില്ലേ, ടെന്ന.: തോമസ് നെൽസൺ പബ്ളിഷേഴ്സ്, 1986), 203.